(ബി) ഇതിൽ അരൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ബാലവാടികൾ എത്ര ?

ഉത്തരം

(എ) 81 ബാലവാടികൾ.

(ബി) പട്ടണക്കാട് ബ്ലോക്കിൽ ഐ.സി. ഡി. എസ്. പദ്ധതി നടപ്പാക്കിയതിനാൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ അരൂർ നിയോജക മണ്ഡലത്തിൽ ബാലവാടികൾ ഇല്ല.

ആര്യാട് പഞ്ചായത്തിലെ ബാലവാടികളും ഫീഡിംഗ് സെന്ററുകളും

1079. [1600] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ മാരാരിക്കുളം നിയോജക മണ്ഡലത്തിൽപ്പെട്ട ആര്യാട് പഞ്ചായത്തിൽ എത്ര ബാലവാടികളുണ്ട് ; അവ എവിടെയൊക്കെ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവിടെ എത്ര ഫീഡിംഗ് സെന്ററുകളുണ്ട് ;

(സി) അവിടെയെത്ര ക്രെഷുകളുണ്ടെന്നു വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പഞ്ചായത്തിൽ എത്ര വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഉണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാലവാടി 1, പാതിരാപ്പള്ളി.

(ബി) 9 ഫീഡിംഗ് സെന്ററുകൾ (കൈതക്കുളങ്ങര, കോമളപുരം, കുറവിപ്പുറം, കൈതത്തിൽ തിയ്യശ്ശേരി, തുമ്പോളി ഈസ്റ്റ്, തുമ്പോളി വെസ്റ്റ്, വളഞ്ഞവഴിക്കൽ, വള്ളപ്പടി എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു).

(സി) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ക്രെഷുകൾ ഒന്നും പ്രവർത്തിക്കുന്നില്ല

(ഡി) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇല്ല.

ബാലവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നൽകുന്ന സഹായം

1080. [1601] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ സ്വന്തമായി കെട്ടിടമുള്ള ബാലവാടികൾ ഉണ്ടോ ; എങ്കിൽ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാലവാടി കെട്ടിടങ്ങളം നിർമ്മിക്കുന്നതിനുള്ള മൊത്തം ചെലവ് 15,000 രൂപയാണ്. ഇതിൽ 3,000 രൂപ സർക്കാരിൽ നിന്നും 7,000 രൂപ കെയറിൽനിന്നും ലഭിക്കുന്നു. ബാക്കി വേണ്ടിവരുന്ന 5,000 രൂപ മഹിളാ സമാജം സമാഹരിക്കുന്നു.

(ബി) ഈ സംസ്ഥാനത്ത് ആകെ 2761 ബാലവാടികളം ഉണ്ട്. അവയ്ക്കെല്ലാം സ്വന്തമായി കെട്ടിടങ്ങളുമുണ്ട്.

ചെറുകിട നാമമാത്ര കർഷകർക്കുവേണ്ടി പമ്പുസെറ്റുകളം വാങ്ങുന്നതിനുള്ള പദ്ധതി

1081. [1602] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :

,, പി. സീതി ഹാജി :

,, ഇ. ടി. മുഹമ്മദ് ബഷീർ :

,, പി. എം. അബൂബക്കർ :

,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ചെറുകിട നാമമാത്ര കർഷകർക്ക് ജലസേചന പദ്ധതികൾക്ക് പമ്പ് സെറ്റുകളം വാങ്ങുന്നതിനുള്ള പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ എത്ര കർഷകർക്ക് വായ്പ നൽകി ;

(ബി) ഈ ഇനത്തിൽ സബ്സിഡിയായി സെപ്റ്റംബർ 30 വരെ എന്തു തുക നൽകി ;

(സി) ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ;

(ഡി) ചില നിർദ്ദിഷ്ട കമ്പനികളുടെ പമ്പുതന്നെ ഗുണഭോക്താക്കൾ വാങ്ങണം എന്ന് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ 8705 കർഷകർക്ക് പമ്പുസെറ്റുകൾ വാങ്ങുന്നതിനായി വായ്പ നൽകിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ സബ്സിഡിയായി സെപ്റ്റംബർ 30 വരെ 153.50 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly